# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/01/2017 പത്രക്കുറിപ്പ് 2017 ജനുവരി 03

പരീക്ഷാതീയതി

രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ–ലേണിംങ് ഡിസ്എബിലിറ്റി (ക്രഡിറ്റ് & സെമസ്റ്റർ) ഡിഗ്രി പരീക്ഷകൾ ജനുവരി 17ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 6 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 10 വരെയും സ്വീകരിക്കും. അപേക്ഷകർ 100 രൂപ സി വി ക്യാമ്പ് ഫീസായി നിശ്ചിത അപേക്ഷാഫീസിനു പുറമേ അടക്കണം.

പരീക്ഷാഫലം

2016 ഏപ്രിലിൽ നടത്തിയ സ്റ്റാസ് & അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എം.സി.എ (റഗുലർ കോഴ്സ്– 2014 അഡ്മിഷൻ റഗുലർ, 2011–2013 അഡ്മിഷൻ സപ്ലിമെന്ററി, ലാറ്ററൽ എൻട്രി കോഴ്സ് – 2015 അഡ്മിഷൻ റഗുലർ, 2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 16 വരെ സ്വീകരിക്കും.

2016 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് & നെറ്റവർക്ക് ടെക്നോളജി (റഗുലർ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 12 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ഫുഡ് സയൻസ് & ക്വാളിറ്റി കൺട്രോൾ (പി.ജി.സി.എസ്.എസ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 13 വരെ സ്വീകരിക്കും.

**ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം – തീയതി നീട്ടി**

കോളേജ് ഡവലപ്മെന്റ് കൗൺസിലിന്റെയും സ്ക്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ്, യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ–ഓപ്പറേഷൻ എന്നിവയുടേയും സംയുക്താഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി നടത്തുന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമിലേക്ക് **(E-leraning & E-Content Development)**അപേക്ഷിക്കേണ്ട അവസാനതീയതി ജനുവരി 07 വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾക്ക് : **www.mgu.ac.in**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)